**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4760** **02-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ; | (എ) | വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലും കനാലുകളിലും അടിഞ്ഞുകൂടിയ എക്കൽ പ്ലാസ്റ്റിക് മാലിന്യം തുടങ്ങിയവ നീക്കം ചെയ്യുന്നതിന് 2022-23 വർഷം വിവിധ പഞ്ചായത്തുകൾക്ക് (കൈനകരി, പാണാവള്ളി, ചേന്നംപള്ളിപ്പുറം, മുട്ടാർ, കാവാലം) 66,29,117/- രൂപ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 2023-24 വർഷം ജില്ലയ്ക്ക് ഈ ആവശ്യത്തിലേയ്ക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 35,15,982/- രൂപ എഴുപുന്ന പഞ്ചായത്തിനും, 28,15,183.25 രൂപ വയലാർ പഞ്ചായത്തിനും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജില്ലയിൽ വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ടിരിക്കുന്ന തോടുകളിലെ എക്കലും പ്ലാസ്റ്റിക് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**<u>സാഫ്</u>**<br><br>**1. <u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprise)</u>**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് |

ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

**ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്**

മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20,000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.

**അഡാക്ക്**

അഡാക് മുഖേന നടപ്പിലാക്കിയ വനാമി ചെമ്മീൻ കൃഷി വികസന പദ്ധതി 2023-24 ൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള 4 കർഷകരെ ഉൾപ്പെടുത്തി 5.05 ഹെക്ടർ ഏരിയയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി

പദ്ധതിയിൽ 2.3 ഹെക്ടർ ഏരിയയിൽ വിളവെടുപ്പ് പൂർത്തിയാക്കുകയും 2.75 ഹെക്ടർ ഏരിയയിൽ കൃഷി തുടരുകയും ചെയ്യുന്നു.

**മത്സ്യഫെഡ്**

- 1. മത്സ്യഫെഡ് നൈലോൺ ട്വൈൻ ഫാക്ടറി, പുന്നപ്ര, ആലപ്പുഴ

ഈ സർക്കാർ അധികാരമേറ്റ ശേഷം ഫിഷറീസ് വകുപ്പിനു കീഴിൽ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യഫെഡ് ട്വൈൻ ഫാക്ടറി 2024 ഫെബ്രുവരി മാസം 15-ാം തീയതി ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കേരളത്തിലെ ആദ്യത്തെ നൈലോൺ നൂൽ ഫാക്ടറിയാണ് മത്സ്യഫെഡ് സജ്ജമാക്കിയിരിക്കുന്നത്. 550 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ പ്രതിവർഷ ഉൽപ്പാദന ശേഷി 400 ടൺ ആണ്. ഫാക്ടറിയിൽ നൂൽ ഉൽപ്പാദനം ആരംഭിക്കുന്നതിനാവശ്യമായ മെഷീനുകൾ 348 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുകയും ഫാക്ടറിയുടെ വാണിജ്യ അടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

- 2. ആലപ്പുഴ ജില്ലയിൽ നൂറനാട് പഞ്ചായത്തിന്റെ കെട്ടിടത്തിൽ മത്സ്യഫെഡ് ഹൈടെക് ഫിഷ് മാർട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- 3. ചെങ്ങന്നൂരിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ്

ചെങ്ങന്നൂർ മണ്ഡലത്തിലെ മുളക്കുഴയിൽ മത്സ്യഫെഡ് ബേസ് സ്റ്റേഷനും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. NABARD RIDF ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ മുളക്കുഴയിൽ 2,38,90,854/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൗണ്ടേഷൻ വർക്ക് നടന്നു വരുന്നു.

1. Construction of Cassava Based production Centre, Mulakkuzha- 23,21,190/- രൂപയുടെ പ്രവൃത്തിയുടെ ഫൗണ്ടേഷൻ വർക്ക് നടന്നു വരുന്നു.

2. Construction of valued added production centre, Fish processing, Mulakkuzha - 1,90,07,255/- രൂപയുടെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | 3. Construction of Compound wall & Bore well at Mulakkuzha -25,62,409/- രൂപയുടെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ ഇത്തരം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഘടക പദ്ധതികളായ ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷിയിൽ 205 ഗുണഭോക്താക്കൾ, ഒരു നെല്ലും ഒരു മീനും കൃഷിയിൽ 12 ഗുണഭോക്താക്കൾ, ബയോഫ്ലോക് മത്സ്യകൃഷിയിൽ 18 ഗുണഭോക്താക്കൾ, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിലെ 14 ഗുണഭോക്താക്കൾ, പട്ടുതാകുളത്തിലെ മത്സ്യകൃഷിയിൽ 24 ഗുണഭോക്താക്കൾ, മാർക്കറ്റിംഗ് ഔട്ട് ലെറ്റിന് 1 ഗുണഭോക്താവ് എന്നിങ്ങനെ ആകെ 274 ഗുണഭോക്താക്കൾ മത്സ്യകൃഷി നടത്തുകയും ആയതനുസരിച്ച് സബ്സിഡി ഇനത്തിൽ 149.42 ലക്ഷം രൂപ മാറി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ശാസ്ത്രീയ തിലാപ്പിയ കൃഷിയിൽ 5 ഗുണഭോക്താക്കൾ, ശാസ്ത്രീയ വരാൽ കൃഷിയിൽ 24 ഗുണഭോക്താക്കൾ, ശാസ്ത്രീയ അനബാസ് കൃഷിയിൽ 25 ഗുണഭോക്താക്കൾ, ഒരു നെല്ലും ഒരു മീനും കൃഷിയിൽ 7 ഗുണഭോക്താക്കൾ, പട്ടുതാകുളത്തിലെ മത്സ്യകൃഷിയിൽ 12 ഗുണഭോക്താക്കൾ, ബയോഫ്ലോകിലെ വരാൽ കൃഷിയിൽ 12 ഗുണഭോക്താക്കൾ, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിലെ മത്സ്യകൃഷിയിൽ 10 ഗുണഭോക്താക്കൾ, ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷിയിൽ 91 ഗുണഭോക്താക്കൾ എന്നിങ്ങനെ ആകെ 186 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ 48.0521 ലക്ഷം രൂപ സബ്സിഡിയായി മാറി നൽകിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷിയിൽ 95 ഗുണഭോക്താക്കൾ, ഒരു നെല്ലും ഒരു മീനും കൃഷിയിൽ 7 ഗുണഭോക്താക്കൾ, പട്ടുതാകുളത്തിലെ മത്സ്യകൃഷിയിൽ 12 ഗുണഭോക്താക്കൾ, ബയോഫ്ലോകിലെ മത്സ്യകൃഷിയിൽ 4 ഗുണഭോക്താക്കൾ, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിലെ മത്സ്യകൃഷിയിൽ 9 ഗുണഭോക്താക്കൾ, കൂട് മത്സ്യകൃഷിയിൽ 1 ഗുണഭോക്താവും. പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ വിത്തുൽപ്പാദന യൂണിറ്റിൽ 1 ഗുണഭോക്താവും ഉൾപ്പെടെ ആകെ 129 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ |

| | | | |
|---|---|---|---|
| | | | 51.86 ലക്ഷം രൂപ സബ്സിഡിയായി മാറി നൽകിയിട്ടുണ്ട്.<br><br>**<u>സാഫ്</u>**<br><br>മാവേലിക്കര മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാൻറ് അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം -3 ആയി ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -4 ആയി ചേർക്കുന്നു.<br><br>**<u>മത്സ്യഫെഡ്</u>**<br><br>മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പഞ്ചായത്തിന്റെ കെട്ടിടത്തിൽ മത്സ്യഫെഡ് ഹൈടെക് ഫിഷ് മാർട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | വകുപ്പിന് കീഴിലെ പ്രായിക്കര- അച്ചൻകോവിലാർ റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി | (സി) | ഉണ്ട്. റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -1</u>**

| ക്രമ നം | പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭം (ഡിഎംഇ) | 70 | 180 | 1,80,00,000/- |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 38 | 97 | 41,75,000/- |
| 3 | ടെക്നോളജി ഇംപ്രൂവ്മെൻറ് | 36 | 102 | 11,83,895/- |
| 4 | പലിശ സബ്സിഡി | 32 | 81 | 1,50,459/- |
| 5 | ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 279 | 1395 | 4,65,50,000/- |

## അനുബന്ധം -2

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മണ്ണുംപുറം ഫ്ളാറ്റ് സമുച്ചയം – ചുറ്റുമതിൽ നിർമ്മാണം | 56.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | മണ്ണുംപുറം ഫ്ളാറ്റ് സമുച്ചയം – ആർസിസി ടാങ്ക്, കുടിവെള്ളം, വൈദ്യുതീകരണം | 347.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | പടനിലം, നൂറനാട് ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം | 150.00 | പദ്ധതി പുരോഗമിക്കുന്നു |
| 4 | നബാർഡ് പദ്ധതി – കുതിരവട്ടംചിറ അക്വാപാർക്ക് സ്ഥാപിക്കൽ | 1511.00 | പദ്ധതി ആരംഭിച്ചു |
| 5 | PMMSY പദ്ധതി – സംയോജിത ആധുനിക മത്സ്യഗ്രാമം, ആറാട്ടുപുഴ | 619.50 | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 6 | കിഫ്ബി പദ്ധതി – മണ്ണഞ്ചേരി ആധുനിക മത്സ്യമാർക്കറ്റ് | 147.40 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചത് പുനഃപരിശോധിക്കുന്നതിനായി തിരികെ നൽകിയിരിക്കുന്നു |
| 7 | കിഫ്ബി പദ്ധതി – ചെത്തി ആധുനിക മത്സ്യമാർക്കറ്റ് | 137.00 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 8 | കിഫ്ബി പദ്ധതി – ചേർത്തല ആധുനിക മത്സ്യമാർക്കറ്റ് | 259.98 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരം ലഭ്യമാക്കി PED അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു |
| 9 | കിഫ്ബി പദ്ധതി – താമരക്കുളം ആധുനിക മത്സ്യമാർക്കറ്റ് | 210.35 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 10 | കിഫ്ബി പദ്ധതി – കരീപ്പുഴ ആധുനിക മത്സ്യമാർക്കറ്റ് | 147.47 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| 11 | കിഫ്ബി പദ്ധതി – മാങ്കാംകുഴി ആധുനിക | 147.49 | പ്രവൃത്തി ടെണ്ടർ ചെയ്തു, തുടർനടപടികൾ |

| | | | |
|---|---|---|---|
| | മത്സ്യമാർക്കറ്റ് | | സ്വീകരിച്ചുവരുന്നു |

<u>**അനുബന്ധം -3**</u>

| ക്രമ നം | പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭം (ഡി.എം.ഇ.) | 2 | 5 | 3,98,400/- |

**അനുബന്ധം -4**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പടനിലം, നൂറനാട് ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം | 150.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | കിഫ്ബി പദ്ധതി - താമരക്കുളം ആധുനിക മത്സ്യമാർക്കറ്റ് | 210.35 | സാങ്കേതികാനുമതി നൽകി പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 3 | കിഫ്ബി പദ്ധതി - മാങ്കാംകുഴി ആധുനിക മത്സ്യമാർക്കറ്റ് | 147.49 | പ്രവൃത്തി ടെണ്ടർ ചെയ്തു, തുടർനടപടികൾ സ്വീകരിച്ചുവരുന്നു |